2025 OCTOBER
01
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യ സൂപ്പർ പവർ; ട്രംപിന്റെ ആഹ്വാനം തള്ളി ഫിൻലൻഡും

**ഫിൻലൻഡ്:** റഷ്യൻ എണ്ണ ഇറക്കുമതിയുടെ പേരിൽ ഇന്ത്യയ്ക്കെതിരെ കടുത്ത തീരുവ ചുമത്തണമെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ആഹ്വാനം തള്ളി യൂറോപ്യൻ യൂണിയൻ അംഗ രാഷ്ട്രമായ ഫിൻലൻഡും. ഇന്ത്യയ്ക്കുമേൽ തീരുവ കൂട്ടാനല്ല, തീരുവ കുറയ്ക്കാനും അതുവഴി മെച്ചപ്പെട്ട വ്യാപാരക്കരാർ യാഥാർഥ്യമാക്കാനുമാണ് ശ്രമിക്കുന്നതെന്ന് ഫിൻലൻഡ് വിദേശകാര്യ മന്ത്രി എലീന വോൾട്ടനെൻ പറഞ്ഞു.





ഇന്ത്യയ്ക്കുമേൽ 25% ഇറക്കുമതി തീരുവ പ്രഖ്യാപിച്ച ട്രംപ്, ഇതിനുപുറമേ റഷ്യൻ എണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള ശിക്ഷയായി 25% കൂടി ചുമത്തി മൊത്തം 50% ആക്കിയിരുന്നു. നിലവിൽ യുഎസ് ഏറ്റവുമധികം തീരുവ ചുമത്തുന്ന 2 രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്. ട്രംപുമായി കടുത്ത ഭിന്നതയിലുള്ള ബ്രസീലിനും 50 ശതമാനമാണ് ചുങ്കം.

അമേരിക്കയുടെ പാത പിന്തുടർന്ന് ഇന്ത്യയ്ക്കുമേൽ യൂറോപ്യൻ യൂണിയനും ജി7 രാഷ്ട്രങ്ങളും നാറ്റോയും 100% ഇറക്കുമതി തീരുവ ചുമത്തണമെന്ന് ട്രംപ് ആവശ്യപ്പെട്ടിരുന്നു. മൂന്ന് കൂട്ടായ്മകളും ട്രംപിന്റെ ആവശ്യം തള്ളി. ഇന്ത്യയുമായി യൂറോപ്യൻ യൂണിയന്റെ വ്യാപാരക്കരാർ ഈ വർഷം തന്നെ യാഥാർഥ്യമാക്കുകയാണ് ലക്ഷ്യമെന്ന് യൂറോപ്യൻ കമ്മിഷൻ പ്രസിഡന്റ് ഉർസുല ഫോൻഡെർ ലേയെനും പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് ഇപ്പോൾ ഇന്ത്യയ്ക്കൊപ്പമാണെന്ന പ്രസ്താവനയുമായി ഫിൻലൻഡും രംഗത്തെത്തിയത്.

അതേസമയം, യുക്രെയ്നെതിരായ റഷ്യയുടെ യുദ്ധത്തിന് അറുതിവരുത്താനുള്ള ശ്രമത്തിലാണ് യൂറോപ്പെന്ന് സൂചിപ്പിച്ച എലീന, ആ നീക്കത്തിൽ ഇന്ത്യയും പങ്കുചേരണമെന്നും പറഞ്ഞു. ഇന്ത്യ സൂപ്പർ പവർ ആണെന്നും റഷ്യയും ചൈനയും ഉൾപ്പെടുന്ന ലിസ്റ്റിൽ കൂട്ടിക്കെട്ടേണ്ടെന്നും ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബും കഴിഞ്ഞദിവസം പറഞ്ഞിരുന്നു.

ചൈനയും റഷ്യയും പതിറ്റാണ്ടുകളായി ഒരേദിശയിലാണ് നീങ്ങുന്നത്. ഇരുവരും തമ്മിലെ നയതന്ത്രബന്ധം, എണ്ണഗ്യാസ് വ്യാപാരം തുടങ്ങിയവ തീർച്ചയായും യുക്രെയ്നെതിരായ യുദ്ധത്തിന് റഷ്യയ്ക്ക് സാമ്പത്തികാശ്വാസമാകുന്നുണ്ട്. അതേസമയം, ഇന്ത്യ കാലങ്ങളായി യൂറോപ്പിന്റെയും അമേരിക്കയുടെയും സുഹൃത്താണ്. വൻ സാമ്പത്തികശക്തിയായ വളരുന്ന ഇന്ത്യയുമായി വ്യാപാര ബന്ധം ശക്തമാക്കാനാണ് ശ്രമമെന്ന് സ്റ്റബ് പറഞ്ഞു.

റഷ്യ-യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കാൻ ഇന്ത്യയ്ക്ക് നിർണായപങ്ക് വഹിക്കാനാകുമെന്ന് പറഞ്ഞ സ്റ്റബ്, ഇതേക്കുറിച്ച് നേരത്തേ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സംസാരിച്ചിരുന്നുവെന്നും വ്യക്തമാക്കി. ഓഗസ്റ്റിൽ മോദിയും സ്റ്റബ്ബും തമ്മിൽ ഫോണിൽ സംസാരിക്കുകയും ഇരു രാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി വ്യാപാരം ശക്തമാക്കുന്നത് ചർച്ച ചെയ്യുകയും ചെയ്തിരുന്നു.



## അർജന്റീന തീരുവ കുറച്ചു; ഭാരതം ആറ് മാസത്തേക്കുള്ള സോയാബീൻ എണ്ണ ഇറക്കുമതി ചെയ്തു

**ന്യൂഡൽഹി:** കാർഷിക വിളകളുടെ കയറ്റുമതി തീരുവയിൽ അർജന്റീന ഇളവ് വരുത്തിയതോടെ റിക്കാർഡ് അളവിൽ സോയ ഓയിൽ ഇറക്കുമതിക്ക് ഒരുങ്ങി ഭാരതം. ഇതുവരെ ഏകദേശം മൂന്ന് ലക്ഷം മെട്രിക് ടൺ സോയാ ഓയിൽ ഭാരതത്തിൽ നിന്നുള്ള സ്വകാര്യ കമ്പനികൾ വാങ്ങിയിട്ടുണ്ട്. ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ ആവശ്യങ്ങൾക്കായാണ് ഇത്രയും ഇറക്കുമതി ചെയ്തിരിക്കുന്നത്.

തളർച്ച നേരിടുന്ന പെസോയുടെ മൂല്യം പിടിച്ചുനിർത്തുന്നതിനും യുഎസ് ഡോളർ രാജ്യത്തേക്ക് കൊണ്ടുവരാനുമായാണ് അർജന്റീന കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി തീരുവകൾ ഒഴിവാക്കാൻ തീരുമാനിച്ചത്. ഇതിലൂടെ സോയാബീൻ എണ്ണ അടക്കമുള്ള കാർഷിക ഉത്പന്നങ്ങൾക്ക് വില കുറയാനും കാരണമായി. സോയാബീൻ ഓയിൽ ഒരു ടണ്ണിന് 50 ഡോളറോളം വില കുറഞ്ഞതോടെ ഭാരത വ്യാപാരികൾ വൻതോതിൽ ഇറക്കുമതി ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. സാധാരണയായി ഭാരതം ഒരു മാസം 3 ലക്ഷം ടണ്ണിനടുത്ത് സോയാ ഓയിലാണ് ഇറക്കുമതി ചെയ്യാറുള്ളത്. പാം ഓയിലിനേക്കാൾ കുറഞ്ഞനിരക്കിൽ ലഭിച്ചതോടെ രണ്ട് ദിവസത്തിനുള്ളിൽ മാത്രം ഇത്രയും ഓയിൽ ഭാരതം വാങ്ങിയിട്ടുണ്ട്

## എ.ഐ: ആക്സെഞ്ചർ പിരിച്ചുവിട്ടത് 11,000 ജീവനക്കാരെ



**ന്യൂഡൽഹി:** എഐ അടിസ്ഥാനമാക്കിയുള്ള പുനഃസംഘടനയുടെ ഭാഗമായി ആക്സെഞ്ചർ പിരിച്ചുവിട്ടത് 11,000 ജീവനക്കാരെ. എഐയിൽ പരിശീലനം നൽകാൻ കഴിയാത്ത ജീവനക്കാരെയാണ് കമ്പനി പിരിച്ചുവിട്ടത്. അതേസമയം ഒരു വർഷത്തിനുള്ളിൽ കൂടുതൽ പേരെ നിയമിക്കുമെന്നും കമ്പനി പറയുന്നു.

പിരിച്ചുവിടലിന് ശേഷം കമ്പനിയിലെ ജീവനക്കാരുടെ എണ്ണം 7,79,000ആയി കുറഞ്ഞു. മൊത്തം ജീവനക്കാരുടെ എണ്ണം നേരത്തെ 7,91,000 ആയിരുന്നു. മൈക്രോസോഫ്റ്റും സമാനമായ രീതിയിൽ ജോലിക്കാരെ പിരിച്ചുവിടുകയും പുതിയവരെ നിയമിക്കുകയും ചെയ്തിരുന്നു. മെറ്റയാകട്ടെ അഞ്ച് ശതമാനം ജീവനക്കാരെയാണ് പറഞ്ഞുവിട്ടത്. പകരം ഉയർന്ന വൈദഗ്ധ്യമുള്ളവരെ നിയമിച്ചു.

ജീവനക്കാർക്ക് എഐ സംവിധാനങ്ങളിൽ വൈദഗ്ധ്യം നേടാനുള്ള പരിശീലനവും കമ്പനി ഒരുക്കുന്നുണ്ട്. എത്രയും പെട്ടെന്ന് അത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടാണ് കമ്പനിയുടെ നീക്കം. പരിശീലനം നൽകിയിട്ടും വൈദഗ്ധ്യം നേടാനാകാത്തവരെയാണ് പിരിച്ചുവിടുന്നതെന്ന് സിഇഒ ജൂലി സ്വീറ്റ് പറയുന്നു. ആറ് മാസത്തിനിടെ എ.ഐ കൺസൾട്ടിങ് മേഖലയിൽ ആക്സെഞ്ചർ 2.6 ബില്യൺ ഡോളർ വരുമാനം നേരിയിരുന്നു. എ.ഐ വഴിയുള്ള വളർച്ചാ സാധ്യത കണക്കിലെടുത്താണ് ഈ പുനഃസംഘടനയെന്നാണ് കമ്പനിയുമായി ബന്ധപ്പെട്ട വൃത്തങ്ങൾ നൽകുന്ന സൂചന.




സൊസൈറ്റി ടുഡേ

മഹാനവമി പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ (വ്യാഴം) സൊസൈറ്റി ടുഡേ ഉണ്ടായിരിക്കുന്നതല്ല

# റബർ വിലയിടിവിൽ ആശങ്ക; വിദേശത്തും താഴ്ച

**കോട്ടയം:** മഴ ശക്തമായി ഉൽപ്പാദനം കുറഞ്ഞിട്ടും റബർ വില ഉയരുന്നില്ല. സംസ്കരണ ചെലവു താങ്ങാനാവാതെ ഏറെ കർഷകരും ഷീറ്റ് തയാറാക്കുന്നില്ല. 60 ശതമാനം കർഷകരും ലാറ്റക്സായും കപ്പ് ലംബാ (റബർ ചണ്ടി)യും വിറ്റഴിക്കാൻ താൽപര്യപ്പെടുന്നു. ചിലയിടങ്ങളിൽ അതാത് ദിവസം കപ്പ് ലംബ് ആർപിഎസുകൾ മുഖേന നേരിട്ടു സംഭരിക്കുന്നുണ്ട്.



റബർ കടകളിൽ ഷീറ്റ് നാമമാത്രമായി മാത്രം ലഭിച്ചിട്ടും ആർഎസ്എസ് നാല് ഗ്രേഡിന് ഇന്നലെ 188.50 രൂപയും ഗ്രേഡ് അഞ്ചിന് 184.50 രൂപയുമാണ് നിരക്ക്. ഡീലർമാർ റബർ ബോർഡ് പ്രഖ്യാപിത വിലയേക്കാൾ കിലോയ്ക്ക് മൂന്നു രൂപ താഴ്ത്തിയാണ് കർഷകരിൽനിന്ന് ചരക്ക് വാങ്ങുന്നത്. ഇക്കൊല്ലം ജൂലൈ 22ന് കോട്ടയം മാർക്കറ്റ് വില കിലോയ്ക്ക് 215 രൂപ വരെ ഉയർന്നിരുന്നു. 70 ദിവസത്തിനിടെ ഷീറ്റ് കിലോയ്ക്ക് 27 രൂപയുടെ താഴ്ചയാണുണ്ടായിരിക്കുന്നത്.

അഞ്ചു ശതമാനം മാത്രം തീരുവ അടച്ചും തീരുവ അടയ്ക്കാതെയും പ്രതിമാസം ഇരുപതിനായിരം ടൺ വീതം കോമ്പൗണ്ട് റബർ ടയർ കമ്പനികൾ ഇറക്കുമതി തുടരുന്നതാണ് ഷീറ്റ് വില ഇത്രയേറെ ഇടിയാൻ പ്രധാന കാരണം.

ആഭ്യന്തര വില വിദേശവിലയേക്കാൾ അഞ്ചു രൂപ കൂടി നിൽക്കുന്ന സാഹചര്യത്തിൽ ക്രംബ് ഇറക്കുമതി തോത് കൂട്ടാനുള്ള നീക്കത്തിലാണ് വ്യവസായികൾ. മഴയും വിലയിടിവും കാരണം നിരവധി കർഷകർ ഒരു മാസമായി ടാപ്പിംഗ് നടത്തുന്നില്ല. ചെറുകിട എസ്റ്റേറ്റുകൾ പലതും അടഞ്ഞുകിടക്കുന്നു.

കടകളിൽ ഒട്ടുപാൽ, കപ് ലംബ് വരവിൽ വലിയ വർധനവുണ്ടായതോടെ വില കിലോയ്ക്ക് 110-112 രൂപയിലെത്തി. രണ്ടു മാസം മുൻപ് ഒട്ടുപാൽ വില 135 രൂപ വരെ ഉയർന്നിരുന്നു. വലിയ തോതിൽ ചരക്ക് കെട്ടിക്കിടക്കുന്നതിനാൽ ക്രംബ് ഫാക്ടറികൾ ഒരാഴ്ചയായി മാർക്കറ്റിൽനിന്ന് ചരക്ക് വാങ്ങാൻ താൽപര്യപ്പെടുന്നില്ല.

ലാറ്റക്സ് വിലയിൽ രണ്ടാഴ്ചയായി മാന്ദ്യം തുടരുകയാണ്. അമേരിക്കയുടെ തീരുവ പ്രഹരത്തിനൊപ്പം ചൈന വിപണിയിൽനിന്ന് റബർ വാങ്ങുന്നതിന്റെ അളവു കുറച്ചതും വിലയിടിവിന് മറ്റ് കാരണങ്ങളാണ്. ജിഎസ്ടി നിരക്കിൽ കുറവു വരുത്തിയ ശേഷം ടയർ, വാഹന വിൽപനയിൽ വലിയ വർധവുണ്ട്. ടയർ നിർമാണത്തിൽ 12 ശതമാനം വർധനവാണ് അടുത്ത മാസം പ്രതീക്ഷിക്കുന്നത്.

ടയർ വില താഴ്ന്നെങ്കിലും വിൽപ്പന കൂടിയതോടെ ടയർ കമ്പനികളുടെ ലാഭത്തിൽ കുറവൊന്നുമില്ല. ഒക്ടോബർ ആദ്യവാരം വരെ മഴ ശക്തമായി തുടരുമെന്നിരിക്കേ റബർ മേഖലയിൽ വലിയ പ്രതിസന്ധിയാണുള്ളത്.

കർഷകർ ഒന്നാകെ ടാപ്പിംഗ് നിറുത്തിവച്ച് ചരക്കിന് ക്ഷാമം ഉണ്ടാക്കിയാൽ വ്യവസായികൾ വില കൂട്ടാൻ നിർബന്ധിതരാകുമെന്നാണ് കർഷക സംഘടനകളുടെ അനുമാനം.



## ലോക ഹൃദയദിനത്തിൽ റോട്ടറി കൊച്ചിൻ കോസ്മോസ് വാക്കത്തൺ സംഘടിപ്പിച്ചു

**കൊച്ചി:** ലോക ഹൃദയദിനത്തിൽ റോട്ടറി കൊച്ചിൻ കോസ്മോസ് വാക്കത്തോൺ സംഘടിപ്പിച്ചു. എറണാകുളം ഡർബാർ ഹാൾ ഗ്രൗണ്ടിൽ നിന്നും രാവിലെ 6 മണിക് ആരംഭിച്ച വാക്കത്തോൺ ജില്ലാ കളക്ടർ ജി. പ്രിയങ്കയും റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ജി.എൻ രമേഷും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ഹൃദയരോഗങ്ങൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ജീവിതക്രമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് കളക്ടർ പറഞ്ഞു. എല്ലാവരും രാത്രി 11 മണി മുതൽ 4 മണി വരെ ഉറങ്ങുകയും വ്യായാമം ശീലമാക്കുകയും വേണം. എത്രമാത്രം നടക്കാൻ കഴിയുമോ അത്രയും നടക്കണം. ഒരാൾ കുഴഞ്ഞു വീണാൽ പ്രഥമ ശുശ്രൂഷ എങ്ങനെ നൽകണമെന്ന് കൂടി എല്ലാവരും അറിഞ്ഞിരിക്കണമെന്നും അവർ പറഞ്ഞു. റോട്ടറി ക്ലബ് പ്രസിഡന്റ് ദീപക് കാഞ്ഞിരത്തിങ്കൽ, സെക്രട്ടറി ശ്രീകുമാർ പണിക്കർ, ട്രഷറർ ജി. ഗോപകുമാർ, കാർഡിയോളജി ഡോക്ടർമാരായ ആർ. അനിൽകുമാർ, പി. ബ്ലസൻ വർഗീസ് , സജി കുരുട്ടുകുളം, വിനോദ് തോമസ്, വിജാ ജോർജ്ജ്, ബ്രിജേഷ് പി. കോട്ടയിൽ, ആർ. കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.



## വാക്കത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** വേൾഡ് ഹാർട്ട് ഡേയുടെ ഭാഗമായി ലൂർദ് ആശുപത്രിയും ലയൺസ് ക്ലബ്ബും ചേർന്ന് വാക്കാത്തോൺ സംഘടിപ്പിച്ചു. ഹൈക്കോടതി ജംഗ്ഷൻ മുതൽ സെന്റ് തെരേസ്സ് കോളേജ് വരെ നടന്ന വാക്കാത്തോണിൽ ലൂർദ് ആശുപത്രിയിലെ ഡോക്ടർമാർ, ലയൺസ് ക്ലബ് അംഗങ്ങൾ, ആശുപത്രി ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ വാക്കത്തോണിൽ പങ്കാളികളായി. കൊച്ചി സിറ്റി അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് സിബി ടോം വാക്കാത്തോൺ ഫ്ളാഗ് ഓഫ് നിർവഹിച്ചു. ഹൃദ്രോഗത്തെ കുറിച്ച് ബോധവൽക്കരണം നൽകുന്ന ഫ്ളാഷ് മോബ് ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ അവതരിപ്പിച്ചു. ലൂർദ് ആശുപത്രി കൺസൾട്ടന്റ് കാർഡിയാക് അനസ്തേഷിയോളജിസ്റ്റ് ഡോ. ആനന്ദ് മാത്യു മാമ്മൻ ഹൃദയദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സമാപന സമ്മേളനവും ബോധവൽക്കരണ ക്ലാസ്സും ലൂർദ് ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസീസ് ഉദ്ഘാടനം ചെയ്തു. ലയൺസ് ക്ലബ് ഡിസ്ട്രിക്ട് സെക്രട്ടറി ജോസ് ആർ. പൈനാടത്ത്, ഡിസ്ട്രിക്റ്റ് ഗവർണർ കെ. ബി ഷൈൻ കുമാർ, മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ രജൻ നമ്പൂതിരി, വി. എസ് ജയേഷ്, കെ. പി പീറ്റർ, സീനിയർ കാർഡിയോളജിസ്റ്റ് ഡോ. ജോർജ് തയ്യിൽ, ഡോ. ആനന്ദ് മാത്യു മാമൻ എന്നിവർ പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി ലൂർദ് ആശുപത്രി കാർഡിയോളജി വിഭാഗം മേധാവി ഡോ. .എസ് സുജിത് കുമാർ ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള അവബോധന ക്ലാസ് നടത്തി.

## ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്ത് ജില്ലാ പഞ്ചായത്ത്

**കൊച്ചി:** ജില്ലാ പഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാർക്കായുള്ള 'ചലനം ' പദ്ധതിയുടെ രണ്ടാം ഘട്ടമായി 12 പേർക്കാണ് ഇലക്ട്രോണിക് വീൽചെയറുകൾ നൽകിയത്. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങ് ബെന്നി ബെഹനാൻ എം പി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷനായി.

# പുതിയ ഹൃദയതാളവും പ്രതീക്ഷകളുമായി അജിനും ആവണിയും



**കൊച്ചി:** രണ്ടാഴ്ച മുമ്പ് 36 മണിക്കൂറിന്റെ ഇടവേളയിൽ ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ അങ്കമാലി നായത്തോട് സ്വദേശി അജിൻ ഏലിയാസും (28) കൊല്ലം കരുകോൺ സ്വദേശി ആവണി കൃഷ്ണയും (13) പുതിയ ഹൃദയത്തുടിപ്പുകളുമായി എറണാകുളം ലിസി ആശുപുത്രിയുടെ പടിയിറങ്ങി. കൊട്ടാരക്കര സ്വദേശി ഐസക് ജോർജിന്റെ (33) ഹൃദയമാണ് അജിനിൽ പുതിയ താളമിടുന്നത്. അപകടത്തെ തുടർന്ന് മസ്തിഷ്കമരണം സംഭവിച്ച ഐസക്ക് ഇനി ജീവിതത്തിലേക്ക് മടങ്ങി എത്തില്ല എന്ന് മനസ്സിലാക്കിയ കുടുംബം അത്യന്തം വേദനയോടെയെങ്കിലും അവയവദാനത്തിന് തയ്യാറാകുകയായിരുന്നു. ഹൃദയധമനികൾക്ക് വീക്കം സംഭവിക്കുന്ന കവാസാക്കി എന്ന അസുഖം ആയിരുന്നു അജിന് ഉണ്ടായിരുന്നത്. 2012 ൽ അദ്ദേഹം മറ്റൊരു ആശുപത്രിയിൽ ബൈപ്പാസ് സർജറിക്കും പിന്നീട് ആൻജിയോപ്ലാസ്റ്റിക്കും വിധേയനായിരുന്നു. അതിനുശേഷം ഹൃദയപരാജയം സംഭവിക്കുകയും ലിസി ആശുപത്രിയിൽ എത്തുകയുമായിരുന്നു. അദ്ദേഹത്തെ പരിശോധിച്ച ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം ഹൃദയം മാറ്റിവയ്ക്കലാണ് ഏക പോംവഴി എന്ന് നിർദ്ദേശിക്കുകയും തുടർന്ന് ഹൃദയത്തിനായി കെസോട്ടോയിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുകയുമായിരുന്നു. അങ്കമാലി സ്വദേശി ബിൽജിത്തിന്റെ (18) ഹൃദയമാണ് ആവണിയിൽ സ്പന്ദിക്കുന്നത്. വാഹനാപകടത്തിലുണ്ടായ ഗുരുതരമായ പരുക്കിനെ തുടർന്ന് ബിൽജിത്തിന് മസ്തിഷ്ക മരണം സംഭവിക്കുകയായിരുന്നു. ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോ മയോപതി എന്ന അസുഖമായിരുന്നു ആവണിക്ക്. രണ്ട് വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് ബിൽജിത്തിന്റെ കുടുംബത്തിന്റെ മഹാദാനത്തിലൂടെ ആവണി ജീവിതം തിരികെ പിടിച്ചത്. അവയവദാനമെന്ന ഏറ്റവും മഹത്തായ ദാനത്തിന് തയ്യാറായ ഐസക്കിന്റെയും ബിൽജിത്തിന്റെയും കുടുംബങ്ങൾക്ക് അജിനും ആവണിയും നന്ദി പറഞ്ഞു. രണ്ട് പേരുടേയും ആരോഗ്യനിലയിൽ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പരിപൂർണ്ണ തൃപ്തി രേഖപ്പെടുത്തി. അവർക്ക് വൈകാതെ തന്നെ മറ്റുള്ളവരെ പോലെ സാധാരണ ജീവിതം നയിക്കുവാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ, ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ ഫാ. ഡേവിസ് പടന്നയ്ക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ചികിത്സക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചേർന്നാണ് രണ്ട് പേരെയും യാത്രയാക്കിയത്. ഡോ. റോണി മാത്യു കടവിൽ, ഡോ. ഭാസ്കർ രംഗനാഥൻ, ഡോ. സാജൻ കോശി, ഡോ. എസ്. ആർ അനിൽ, ഡോ. പി. മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ജനു റോസ്, ഡോ. ആബിദ് ഇക്ബാൽ, ഡോ. ജഗൻ ജോസ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് എന്നിവരും ശസ്ത്രക്രിയയിലും തുടർചികിത്സയിലും പങ്കാളികൾ ആയിരുന്നു.

# ഡിജിറ്റൈസേഷൻ ബില്ലിംഗ് സംവിധാനത്തിന് തുടക്കമായി

**തിരുവനന്തപുരം:** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചരിത്രത്തിലെ പുതിയ അധ്യായമാണ് ഡിജിറ്റൽവൽക്കരണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ. സമ്പൂർണ ഡിജിറ്റൈസേഷന്റെ ആദ്യഘട്ടമായ ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ ബില്ലിംഗ് മോഡ്യൂളിന്റെ ഉദ്ഘാടനം കൊട്ടാരക്കര ഗണപതി ക്ഷേത്ര ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള എല്ലാ ക്ഷേത്രങ്ങളുടെയും വിവരങ്ങൾ സാങ്കേതികവിദ്യ വഴി ബന്ധിപ്പിച്ചു കൊണ്ടുള്ള സംവിധാനമാണ് വരാൻ പോകുന്നത്. ക്ഷേത്രങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും സംയോജിത ഡിജിറ്റൽ സംവിധാനത്തിലൂടെ അറിയാൻ കഴിയുന്നത് വലിയ ചുവടുവെയ്പാണ്. എൻ.ഐ.സി ചെന്നൈ രൂപകൽപ്പനചെയ്ത ക്ഷേത്രങ്ങളിൽ ഉപയോഗിച്ച് വരുന്ന സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്താണ് ഉപയോഗിക്കുക. പണം കൈമാറുന്ന പരമ്പരാഗത രീതിയും ആധുനിക ഡിജിറ്റൽ കൈമാറ്റ രീതിയും ഒപ്പം കൊണ്ടുപോകേണ്ടത് അനിവാര്യമാണ്. ഓരോ ക്ഷേത്രങ്ങളിലെയും പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനോടൊപ്പം ഭക്തജനങ്ങൾക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കാനും സംവിധാനത്തിലൂടെ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.




ബഡ്ജറ്റിൽ മാറ്റിവെച്ച അഞ്ചു കോടി രൂപ വിനിയോഗിച്ച് പിൽഗ്രിം സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൊട്ടാരക്കര ചന്തമുക്കിലെ ഒരേക്കർ സ്ഥലത്ത് പാർക്കിംഗ് സൗകര്യം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. പി.എസ് പ്രശാന്ത് അധ്യക്ഷനായി.

കൊട്ടാരക്കര നഗരസഭ ചെയർമാൻ അഡ്വ കെ. ഉണ്ണികൃഷ്ണമേനോൻ, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. പി.ഡി സന്തോഷ് കുമാർ, അഡ്വ. എ. അജികുമാർ, ദേവസ്വം ബോർഡ് ചീഫ് ഐ.റ്റി അഡ്വൈസർ ഡോ പി. വിനോദ് ഭട്ടതിരിപ്പാട്, എൻ. ഐ. സി ചെന്നൈ പ്രതിനിധി ശരവണൻ, നഗരസഭാംഗമായ അരുൺ കാടാംകുളം, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ രഞ്ജിത്ത് ശേഖർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രൈം വോളിബോൾ ലീഗിന് നാളെ തുടക്കം



**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ്  നാലാം സീസണിന് ഒരുങ്ങി ഹൈദരാബാദ്. നാളെ  മുതൽ ഹൈദരാബാദ് ഗച്ചിബൗളി ഇൻഡോർ സ്‌റ്റേഡിയത്തിലാണ് മത്സരങ്ങൾ. പത്ത് ടീമുകളാണ് ഇത്തവണ കപ്പിനായി പോരടിക്കുന്നത്. 21 ദിവസങ്ങളിലായി 38 മത്സരങ്ങളാണ് സീസണിൽ നടക്കുക. നാളെ രാത്രി 8.30ന് ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ ഹൈദരാബാദ് ബ്ലാക്ക്ഹോക്സ് നിലവിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് ഹീറോസിനെ നേരിടും. ലീഗിലെ ഏറ്റവും പുതിയ ടീമായ ഗോവ ഗാർഡിയൻസ് കൂടി മത്സരരംഗത്തേക്ക് വന്നതോടെ ലീഗിലെ മൊത്തം ഫ്രാഞ്ചൈസികളുടെ എണ്ണം പത്തായി. ഈ വിപുലീകരണം പുതിയ മത്സരക്രമത്തിനും വഴിയൊരുക്കി. ടീമുകളെ രണ്ട് പൂളുകളായി തിരിച്ചാണ് ഇത്തവണ മത്സരങ്ങൾ. ഗോവ ഗാർഡിയൻസ്, ചെന്നൈ ബ്ലിറ്റ്സ്, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്, ബെംഗളൂരു ടോർപ്പിഡോസ്, കൊൽക്കത്ത തണ്ടർബോൾട്ട്സ് എന്നിവരാണ് പൂൾ എയിലുള്ളത്.

ഹൈദരാബാദ് ബ്ലാക്ക് ഹോക്സ്, ഡൽഹി തൂഫാൻസ്, അഹമ്മദാബാദ് ഡിഫൻഡേഴ്സ്, മുംബൈ മിറ്റിയോർസ്, കാലിക്കറ്റ് ഹീറോസ് ടീമുകളാണ് ബി പൂളിൽ. ഓരോ ടീമും ലീഗ് ഘട്ടത്തിൽ ഏഴ് മത്സരങ്ങൾ കളിക്കും. പോയിന്റ് ടേബിളിലെ ആദ്യ നാല് ടീമുകൾ ഒക്ടോബർ 24ന് നടക്കുന്ന സെമിഫൈനലിലേക്ക് മുന്നേറും. ഒക്ടോബർ 26നാണ് ഫൈനൽ. മുമ്പെങ്ങുമില്ലാത്ത സന്നാഹങ്ങളാണ് ഇത്തവണ പി.വി.എൽ ടീമുകൾ നടത്തിയത്. ലീഗിലെ നിലവാരവും ഓരോ ടീമിന്റെയും തയ്യാറെടുപ്പുകളും കണക്കിലെടുക്കുമ്പോൾ തുല്യശക്തികളുടെ പോരാട്ടം തന്നെയായിരിക്കും ഈ വർഷം. കിരീടം നിലനിർത്താൻ ശ്രമിക്കുന്ന കാലിക്കറ്റ് ഹീറോസ് തന്നെയാണ് ഈ സീസണിലെയും ശ്രദ്ധാകേന്ദ്രം. എന്നാൽ കഴിഞ്ഞ സീസൺ ഫൈനലിൽ കാലിക്കറ്റിനോട് തോറ്റ ഡൽഹി തൂഫാൻസ് ഉൾപ്പെടെയുള്ള എല്ലാ എതിരാളികളിൽ നിന്നും ശക്തമായ വെല്ലുവിളി ഹീറോസ് നേരിടേണ്ടിവരും. മുൻ സീസണുകളിൽ നിരാശപ്പെടുത്തിയ കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ഇത്തവണ ഇന്ത്യൻ താരം വിനിത് കുമാറിന്റെ ക്യാപ്റ്റൻസിയിലാണ് കോർട്ടിലിറങ്ങുന്നത്. മിഡിൽ ബ്ലോക്കർ ജസ്ജോധ് സിങ് ഉൾപ്പെടെ മികച്ച ആഭ്യന്തര,വിദേശ താരങ്ങളും ടീമിനൊപ്പമുണ്ട്. ആതിഥേയരായ ഹൈദരാബാദും ശക്തമായ സ്ക്വാഡിനെയാണ് അണിനിരത്തുന്നത്. അമേരിക്കൻ സെറ്റർ മാറ്റ് വെസ്റ്റിനെ ക്യാപ്റ്റനായി നിയമിച്ച് ബെംഗളൂരു ടോർപ്പിഡോസും അവരുടെ ലക്ഷ്യം വ്യക്തമാക്കിക്കഴിഞ്ഞു. ആദ്യസീസണിലെ ചാമ്പ്യന്മാരായ കൊൽക്കത്ത തണ്ടർബോൾട്ട്സ് ഇത്തവണ വലിയൊരു തിരിച്ചുവരവാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ രണ്ട് സീസണുകളിലും ടീം നിരാശപ്പെടുത്തിയിരുന്നു. ടൂർണമെന്റിലെ ഏറ്റവും പ്രായം കുറഞ്ഞ താരങ്ങൾ അണിനിരക്കുന്ന മുംബൈ മിറ്റിയോർസും കിരീടത്തിൽ കുറഞ്ഞതൊന്നും ഇത്തവണ പ്രതീക്ഷിക്കുന്നില്ല. സ്ഥിരതയാർന്ന പ്രകടനം നടത്താറുള്ള അഹമ്മദാബാദ് ഡിഫൻഡേഴ്സ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്താനുള്ള അവരുടെ ദൗത്യം തുടരും. അതേസമയം മുൻ കാലിക്കറ്റ് താരമായ ജെറോം വിനീതിനെ കളത്തിലിറക്കിയാണ് ചെന്നൈ ബ്ലിറ്റ്സ് സ്ഥാനമാറ്റത്തിനിറങ്ങുന്നത്. ഇന്ത്യൻ താരം ചിരാഗ് യാദവിന്റെ നേതൃത്വത്തിലായിരിക്കും ഗോവ ഗാർഡിയൻസിന്റെ പ്രൈം വോളി അരങ്ങേറ്റം. സോണി നെറ്റ്‌വർക്കിന് പുറമേ പ്രൈം വോളിബോളിന്റെ യൂട്യൂബ് പേജിലും നാലാം സീസൺ മത്സരങ്ങൾ തത്സമയം കാണാം.

# വണ്ടർലയ്ക്ക് മലിനീകരണ നിയന്ത്രണ അവാർഡ്



**കൊച്ചി:** വണ്ടർലാ അമ്യൂസ്മെന്റ് പാർക്ക് കൊച്ചിയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം. കൊച്ചി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടന്ന അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവ് വേദിയിൽ വെച്ചായിരുന്നു പുരസ്കാരങ്ങൾ വിതരണം ചെയ്തത്.  മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ റോജി എം ജോൺ എംഎൽഎ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അധ്യക്ഷ എസ്. ശ്രീകല, സ്പെഷ്യൽ സെക്രട്ടറി ശ്രീറാം സാംബശിവ റാവു, കറുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് ലതിക ശശികുമാർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി ജോസ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി. വീണ്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം സ്വീകരിക്കുന്നതിൽ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ടെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പള്ളി പറഞ്ഞു.

വണ്ടർലായെ സംബന്ധിച്ച് സുസ്ഥിരത എന്നതൊരു വെറും പദ്ധതി മാത്രമല്ല, ഞങ്ങളെ മുന്നോട്ട് നയിക്കുന്ന ആശയം കൂടിയാണ്. ഞങ്ങളുടെ എഞ്ചിനീയറിംഗ് ടീമിന്റെ അർപ്പണബോധമാണ് ഈ പുരസ്കാര ലബ്ധിയിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# വേമ്പനാട് കായൽ മീനച്ചിൽ നദീമുഖ പുനരുദ്ധാരണ പദ്ധതിക്ക് തുടക്കം കുറിച്ച് വിഗാർഡ്

**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡും, യങ് ഇന്ത്യൻസും, തിരുവാർപ്പ് പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന വേമ്പനാട് കായൽ മീനച്ചിൽ നദീമുഖ പുനരുദ്ധാരണ പദ്ധതിക്ക് തുടക്കമായി. വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. 20 മുതൽ 30 ദിവസത്തോളം നീളുന്ന ഈ ശുചീകരണ പരിപാടിയിലൂടെ, നദിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ, കുളവാഴ അടക്കമുള്ള അധിനിവേശ ജലസസ്യങ്ങൾ, പുതുതായി രൂപംകൊണ്ട ചെളിത്തിട്ടകൾ എന്നിവ നീക്കം ചെയ്യും. നൂതന ഉപകരണങ്ങളുടെയും പരിശീലനം ലഭിച്ച തൊഴിലാളികളുടെയും സഹായത്തോടെയാവും ശുചീകരണ പ്രവർത്തനങ്ങൾ. നദീമുഖ ശുചീകരണത്തിന് പുറമേ സമീപത്തുള്ള പ്രദേശവാസികൾക്ക് മെഡിക്കൽ ക്യാമ്പുകളും, മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. സുസ്ഥിരതയിലൂന്നിക്കൊണ്ടാണ് എന്നും വിഗാർഡിന്റെ പ്രവർത്തനങ്ങൾ. സാമൂഹിക, പാരിസ്ഥിതിക പ്രതിബദ്ധത എക്കാലത്തും വിഗാർഡ് ഉയർത്തിപ്പിടിക്കുന്നു. ഇത് കമ്പനിയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് കരുത്തുപകരുന്നുവെന്നും  വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. യങ് ഇന്ത്യൻസ് കൊച്ചി കാലാവസ്ഥാ വ്യതിയാന വിഭാഗം അധ്യക്ഷൻ ബിബിൻ ജേക്കബ്, വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് എ. ശ്രീകുമാർ, വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റണി സെബാസ്റ്റ്യൻ, തിരുവാർപ്പ് പഞ്ചായത്ത് പ്രസിഡന്റ് അനീഷ് ഒ.എസ്,  വൈസ് പ്രസിഡന്റ് ജയാ സജിമോൻ, വാർഡ് മെമ്പർ അജയൻ കെ. മേനോൻ, യൂങ് ഇന്ത്യൻസ് കൊച്ചി ചാപ്റ്റർ ചെയർ മീന പളനിയപ്പൻ, കോചെയർ ആശിക ജെയിൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



കാക്കനാട് സെന്റ് മൈക്കിൾസ് ദേവാലയത്തിലെ സെന്റ് മൈക്കിൾസ് ഡേയോടനുബന്ധിച്ച്  കോതാട് തിരുഹൃദയ ദൈവാലയം വികാരി റവ. ഫാ. റോണി ജോസഫ് മനക്കലിന്റെ കാർമികത്വത്തിൽ നടന്ന കൊടിയേറ്റ ചടങ്ങ്.



# റോട്ടറി ഡിസ്ട്രിക്ട് വൈബ്രന്റ് ക്ലബ്ബ് സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** റോട്ടറിഡിസ്ട്രിക്ട് 3205 ഫ്യൂഷൻ വൈബ്രന്റ് ക്ലബ്ബ് സെമിനാർ സംഘടിപ്പിച്ചു. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങ് റോട്ടറി ഇന്റർ നാഷ്ണൽ ഡയറക്ടർ എം. മുരുഗാനന്ദം ഉദ്ഘാടനം ചെയ്തു. ഐക്യത്തോടെ പ്രവർത്തിച്ചാൽ സമൂഹത്തിലുണ്ടാകുന്ന ഏത് പ്രതിസന്ധികളേയും അതിജീവിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. ടീം വർക്കിനേ വിജയിക്കാനാകൂ. ഓരോരുത്തർക്കും ലഭിക്കുന്ന അവസരങ്ങളെ അതാത് സമയത്ത് ഉപയോഗപ്പെടുത്താനായാൽ വിജയം സുനിശ്ചിതമാണെന്നും അദ്ദേഹം പറഞ്ഞു. ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി.എൻ രമേഷ് അധ്യക്ഷത വഹിച്ചു. കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ലോക് നാഥ് ബഹറ, അമ്മ ജനറൽ സെക്രട്ടറി കുക്കു പരമേശ്വരൻ, എസ് സി എം എസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. രാധാ പി.തേവന്നൂർ, മുൻ ഡിസ്ട്രിക്ട് ഗവർണ്ണർമാരായ സുരേഷ് നിലമേൽ, സുനിൽ സക്കറിയ, ടി. അജയകുമാർ, ജോസ് ചാക്കോ, പറവൂർ റോട്ടറി ക്ലബ് പ്രസിഡന്റ് അഡ്വ. ജോർജ് തോമസ്,  അഡ്വ. പ്രേംകുമാർ തുടങ്ങിയവർ സംസാരിച്ചു.

# പൊറ്റക്കുഴി ചെറുപുഷ്പ ദേവാലയത്തിൽ തിരുന്നാളിന് ഇന്ന് കൊടികയറും

**കൊച്ചി:**  കലൂർ പൊറ്റക്കുഴി ചെറുപുഷ്പ ദേവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ 99ാം ദർശനത്തിരുന്നാളിന് ഇന്ന് കൊടിയേറും.  വൈകുന്നേരം അഞ്ചിന് വരാപ്പുഴ അതിരൂപത വികാർ ജനറൽ  മോൺ. മാത്യു കല്ലിങ്കൽ കൊടിയേറ്റിന് മുഖ്യ കാർമ്മികത്വം വഹിക്കും. തുടർന്ന് ദിവ്യബലി, ജൂബിലി ലോഗോയുടെ പ്രകാശനം എന്നിവ നടക്കും. ഒക്ടോബർ രണ്ട്, മൂന്ന് തിയതികളിൽ രാവിലെ  ആറിനും വൈകുന്നേരം 5.30 നും ദിവ്യബലി ഉണ്ടാകും. വേസ്പര ദിനമായ ഒക്ടോബർ നാലിന് വൈകുന്നേരം അഞ്ചിന്  നടക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം. തിരുനാൾ ദിനമായ ഒക്ടോബർ അഞ്ചിന്  രാവിലെ ഒമ്പതിന് തിരുനാൾ ദിവ്യബലി നടക്കും.  ഫാ. ഹെൻറി പട്ടരുമഠത്തിൽ മുഖ്യകാർമ്മികത്വം വഹിക്കും.  തുടർന്ന് പ്രദക്ഷിണം,  രാത്രി 7.30 ന് ഫ്യൂഷൻ ഷോ എന്നിവയും ഉണ്ടാകും. ഒക്ടോബർ 12 ന് എട്ടാമിടത്തോടെ തിരുനാൾ സമാപിക്കും.

# വനിതാ സ്കൂൾ കൗൺസലർ നിയമനം

**ആലപ്പുഴ:** ആലപ്പുഴ ജില്ലാ പഞ്ചായത്ത് പദ്ധതി 2025-26 നിർവഹണത്തിന്റെ ഭാഗമായി  വനിതാ സ്കൂൾ കൗൺസലർമാരെ നിയമിക്കുന്നു.  ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന 10 സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്കാണ് നിയമനം.

മെഡിക്കൽ ആൻഡ് സൈക്യാട്രിക് സോഷ്യൽ വർക്ക് എം.എസ്. ഡബ്ല്യു, എം. എ/എം. എസ് .സി സൈക്കോളജി, എം. എ/എം. എസ് .സി അപ്ലൈഡ് സൈക്കോളജി ഡിഗ്രി   എന്നിവയിൽ ഏതെങ്കിലും ഒന്നാണ് അടിസ്ഥാന യോഗ്യത. കൗൺസലിംഗിൽ ഉള്ള പരിചയം അഭികാമ്യം. ആലപ്പുഴ ജില്ലയിൽ സ്ഥിര താമസക്കാരിയായ നിശ്ചിത യോഗ്യതയുള്ള 25നും 40നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. 24000 രൂപയാണ്പ്രതിമാസ ഹോണറേറിയം. താൽപര്യമുള്ളവർ  ഒക്ടോബർ ഏഴിനുള്ളിൽ ഫോട്ടോ പതിച്ച ബയോഡേറ്റയും യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, വെള്ളപേപ്പറിലുള്ള അപേക്ഷയും എന്നിവ സഹിതം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ കാര്യാലയം, കോവിഡ് കൊമേഴ്സൽ ബിൽഡിംഗ് ആലപ്പുഴ, ഹെഡ് പോസ്റ്റ് ഓഫീസ് പി ഒ 698001 എന്ന   വിലാസത്തിൽ സമർപ്പിക്കുക. ഫോൺ: 04772960147, 8078297758

# വെറ്റില കൃഷി; നടീൽ മുതൽ വിളവെടുപ്പ് വരെ

വിവാഹം, പൂജ, ദക്ഷിണ കൊടുക്കൽ തുടങ്ങിയ മംഗള കാര്യങ്ങൾക്കിടയിൽ ഒഴിച്ചുകൂടാൻ പറ്റാത്ത വിധം ഇന്ത്യൻ സംസ്കാരത്തിൽ വെറ്റിലക്ക് സവിശേഷ പ്രാധാന്യം ഉണ്ട്. വെറ്റിലയും അടയ്ക്കയും തമ്മിൽ ചേർന്നുള്ള മുറുക്കൽ പല വിശേഷ അവസരങ്ങളിലും അതിഥി സംസ്കാരത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്.



താംബൂലവല്ലിക, താംബൂലവല്ലി, താംബൂലം എന്നീ നാമങ്ങളിൽ ആയുർവേദത്തിൽ പരാമർശിക്കുന്ന ഇതിന്റെ ഔഷധമൂല്യം പുരാതനകാലം മുതൽ തന്നെ ആയുർവേദം കണ്ടെത്തിയിരുന്നു. പൈപ്പർ ബെറ്റൽ എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഇത് പൈപ്പറേസി സസ്യ കുടുംബത്തിൽപ്പെടുന്നു.

ഇല, വേര് എന്നിവയാണ് ഔഷധഗുണമുള്ള ഭാഗങ്ങളായി ഉപയോഗിച്ചു വരുന്നത്. ഉമിനീർ വർദ്ധിപ്പിക്കുന്ന ഇതിലെ ഘടകങ്ങൾ ദഹനത്തെ ത്വരിതപ്പെടുത്തുന്നു. ശ്വാസകോശ രോഗങ്ങൾക്ക് വെറ്റില നല്ലതാണ്. വാത, കഫ രോഗങ്ങളെ ശമിപ്പിക്കുന്നു. അണുനാശക സ്വഭാവമുള്ള വെറ്റില ചവയ്ക്കുന്നത് വായിലെ രോഗാണുക്കളെ നശിപ്പിക്കുന്നു. ആന്റി ബാക്ടീരിയൽ, ആന്റി ഇൻഫ്ളമേറ്ററി, ആൻഡി ക്യാൻസർ ഗുണങ്ങളും ഉണ്ട്. താംബൂല രസായനം, മുറിവെണ്ണ, ചെമ്പരത്യാദി കേരം തുടങ്ങിയ വളരെ ഫലപ്രദമായ ആയുർവേദ ഔഷധങ്ങളിലെ ഒരു ചേരുവ കൂടിയാണ് വെറ്റില.

ഇലയിൽ ബാഷ്പസ്വഭാവമുള്ള തൈലം, ആൽക്കലോയ്ഡ്സ്, ടാനിൽ, കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, സ്റ്റിറോയിഡ് ഘടകങ്ങൾ ഉണ്ട്. ഇതിലെ ടർപ്പീൻ എന്ന് ഘടകമാണ് രൂക്ഷമായ അരോമാറ്റിക് ഗന്ധത്തിന് കാരണമായിരിക്കുന്നത്. ഒരു ആരോഹി സസ്യമായ വെറ്റിലയുടെ ജന്മദേശം സിംഗപ്പൂരും മലേഷ്യയും ആണെന്ന് കരുതപ്പെടുന്നു. കേരളത്തിലും വെറ്റില കൃഷി ചെയ്തുവരുന്നു.

നീർവാർച്ചയുള്ള വളക്കൂറുള്ള മണ്ണാണ് വെറ്റില കൃഷിക്ക് അനുയോജ്യം. തെങ്ങ്, അടയ്ക്കാതോട്ടങ്ങളിലും ഇടവിളയായി കൃഷി ചെയ്യാം. മെയ്, ജൂൺ മാസങ്ങളിലും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആയി രണ്ട് പ്രധാന കൃഷി കാലങ്ങളാണ് ഉള്ളത്.

നല്ല നീർവാർച്ചയുള്ള ജൈവവളമുള്ള മണ്ണാണ് അനുയോജ്യം. തടങ്ങൾ എടുത്ത് കംമ്പോസ്റ്റും ചാണകപ്പൊടിയും കുമ്മായവും ചേർത്ത് നടീൽ ഒരുക്കം ചെയ്യാം. ഒരു സെന്റ് സ്ഥലത്ത് 30 മുതൽ 40 തടങ്ങൾ വരെ എടുക്കാം. ഒരു മീറ്റർ ഇടവിട്ടുള്ള തടങ്ങൾ ആയിരിക്കണം. രണ്ട് അടി വിസ്താരവും ഒരടി ആഴവും ഉള്ള കുഴികൾ എടുത്ത് ഉണക്ക ഇലകൾ കത്തിക്കണം. നടുന്നതിനു മുൻപ് 50 ഗ്രാം കുമ്മായവും 50 ഗ്രാം വേപ്പിൻ പിണ്ണാക്കും ചേർത്ത് നനയ്ക്കണം.

വെറ്റില കൊടിയുടെ തണ്ടാണ് നടീൽവസ്തു. കൊടികളെ അതിന്റെ പ്രായം അനുസരിച്ച് കുഞ്ഞിക്കൊടി ഇളം കൊടി (രണ്ടു മുതൽ മൂന്നു വർഷം) മുത്താച്ചി കൊടി (മൂന്നു മുതൽ അഞ്ചു വർഷം) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇതിൽ രോഗബാധയില്ലാത്ത തണ്ടുകൾ മുകളിൽ വച്ച് മുറിച്ചെടുത്ത് അവയുടെ ഇലകൾ മൊത്തം നുള്ളി കളഞ്ഞ് നാലുമുട്ടുകൾ വീതമുള്ള വള്ളി കഷണങ്ങളാണ് നടീൽവസ്തുക്കളായി ഉപയോഗിക്കാറ്. ഒരുക്കിയ തടങ്ങളിൽ രണ്ടു മുട്ടുകൾ അടിയിലേക്ക് താഴ്ത്തി നടണം. ഓരോ കുഴികളിലും ചെറിയ താങ്ങു കാലിന് ചുറ്റുമായി നാലോ അഞ്ചോ തണ്ടുകൾ നടാം.

തടത്തിൽ എപ്പോഴും നനവ് ഉണ്ടായിരിക്കണം. ദിവസവും രണ്ടു നേരം നനയ്ക്കണം. 10-15 ദിവസങ്ങൾക്കുള്ളിൽ തളിരിലകൾ വന്നുതുടങ്ങും. ഇത് കയറുകൊണ്ട് താങ്ങുകളിലേക്ക് കെട്ടിക്കൊടുക്കാം. വളച്ചുകെട്ടൽ ചെയ്യുന്നതുകൊണ്ട് ധാരാളം തണ്ടുകളും തളിരുകളും പൊട്ടി വരും. അതിനായി ആദ്യം കുത്തികൊടുത്ത ചെറിയ താങ്ങിൽ നിന്നും വെറ്റില കൊടി അടർത്തിമാറ്റി തളിരിലകളൊഴിച്ച് എല്ലാ ഇലകളും നുള്ളി കളഞ്ഞ് ഓരോ കൊടിയും തടത്തിൽ വളച്ച് വച്ച് വാഴനാരുകൊണ്ട് കെട്ടികൊടുക്കണം. നുള്ളിയെടുത്ത ഓരോ ഇലമുട്ടിൽനിന്നും ഓരോ ഇളം തണ്ട് വളർന്ന് വരും.

ഒന്നരമാസം കൂടുമ്പോൾ വെറ്റിലക്കൊടിയിൽനിന്നു വെറ്റില നുള്ളി എടുക്കാം. സൗകര്യപ്രദമായി പിടിക്കാൻ കഴിയുന്ന രീതിയിൽ 20-30 എണ്ണം കെട്ടിയാണ് വിൽക്കുക. വാഴയിലയിൽ പൊതിഞ്ഞ് ഓലകൊണ്ട് മെടഞ്ഞ വല്ലത്തിലാക്കി വിപണനത്തിന് എത്തിക്കാം. കയറ്റുമതി ആവശ്യത്തിനുള്ള വെറ്റില 100 എണ്ണത്തിന് 300 മുതൽ 400 രൂപ വരെ വിലയുണ്ടാകാറുണ്ട്. തിരൂർ വെറ്റിലക്ക് ഉത്തരേന്ത്യയിലും അന്താരാഷ്ട്ര വിപണിയിലും പ്രാധാന്യം ഉണ്ട്.

# അധികവരുമാനത്തിന് ടിഷ്യൂ കൾച്ചർ വാഴക്കൃഷി

അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന കന്നു നട്ട്, കൊക്കാൻ ഉൾപ്പെടെയുള്ള രോഗങ്ങളോട് പടവെട്ടേണ്ടിവരുന്നത് വാഴക്കർഷകരുടെയിടയിൽ വാർത്തയേ അല്ലാതായി. ദിവസംതോറും വാഴക്കൃഷിയുടെ ഗ്രാഫ് ഉയരുന്നുണ്ടെങ്കിലും ഉത്പാദനരംഗത്ത് പിച്ചവെച്ചുയരാനേ നമുക്ക് കഴിയുന്നുള്ളൂ. വാഴക്കന്നിനൊപ്പം മാണവണ്ടും സിഗാട്ടോക്കാ രോഗവും ഫ്രീയെന്നമട്ടിലാണ് കാര്യങ്ങളുടെ കിടപ്പ്. ഇത്തരം കന്നുകളെക്കാൾ എന്തുകൊണ്ടും നല്ലത് അത്യുൽപത്പാദനശേഷിയും ഗുണനിലവാരവുമുള്ള ടിഷ്യൂ കൾച്ചർ തൈകളാണ്.



ജലസേചിതവിളയായി സെപ്റ്റംബർ,ഒക്ടോബർ മാസത്തിൽ വാഴ നടാം. ഉയർന്ന താപനിലയും വരൾച്ചയും വിളവിനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കുന്നരീതിയിൽ നടീൽസമയം ക്രമീകരിക്കണം. മണ്ണൊരുക്കിയതിനുശേഷം മാത്രമേ ടിഷ്യൂ കൾച്ചർ വാഴ നടാവൂ. 50 സെന്റീമീറ്റർ നീളവും വീതിയും താഴ്ചയുമുള്ള കുഴിയിൽ അരകിലോഗ്രാം കുമ്മായം ചേർത്തിളക്കി വിഘടിക്കുന്നതിന് അനുവദിക്കണം. 10 കിലോഗ്രാം കാലിവളമോ ചാണകമോ പച്ചിലകളോ അടിവളമാക്കാം. മേൽമണ്ണുകൊണ്ട് കുഴി മൂടി തറനിരപ്പിൽത്തന്നെ ടിഷ്യൂ കൾച്ചർ വാഴയ്ക്ക് അരങ്ങൊരുക്കണം. വൈകുന്നേരം നടുന്നതും നട്ട് രണ്ടാഴ്ചവരെ തണൽനൽകുന്നതും ടിഷ്യൂ കൾച്ചർ വാഴത്തൈക്കുള്ള ഗ്രൗണ്ട് സപ്പോർട്ട്.

നട്ട് ഒരോമാസത്തെ ഇടവേളകളിൽ മൂന്നുമാസംവരെ കാൽ കിലോഗ്രാം കുമ്മായം ചേർക്കുന്നത് കാത്സ്യം കുറവുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകും. കുമ്മായംചേർത്ത് രണ്ടാഴ്ചകഴിഞ്ഞ് 100 ഗ്രാം വീതം യൂറിയയും പൊട്ടാഷും മേൽവളമാക്കണം. നട്ട് ആദ്യത്തെ അഞ്ചു മാസത്തെ വളപ്രയോഗം ബാലാരിഷ്ടതമാറ്റാനും സമയത്ത് കുലയ്ക്കാനും അനിവാര്യം. നട്ട് ഒരുമാസം കഴിഞ്ഞ് 300 ഗ്രാമും രണ്ടുമാസം കഴിഞ്ഞ് 275 ഗ്രാമും രാജ്ഫോസോ എല്ലുപൊടിയോ ആണ് ഫോസ്ഫറസ് വളമായി ചേർക്കേണ്ടത്.

മണ്ണിൽ മഗ്നീഷ്യവും ബോറോണും ഇല്ലാത്ത സാഹചര്യത്തിൽ മഗ്നീഷ്യം സൾഫേറ്റും ബോറാക്സും ചേർത്തേ മതിയാകൂ. കുല വന്നതിനുശേഷം 100 ഗ്രാം പൊട്ടാഷ് നൽകുന്നത് കതിരിന്മേൽ വളംവെക്കുന്ന ഏകവിള എന്ന ഖ്യാതി വാഴയ്ക്ക് നേടിക്കൊടുക്കും. കുല വരുന്നതുവരെ കന്നുകൾ വളരാൻ അനുവദിക്കരുത്. ശരിയായരീതിയിൽ പരിപാലിക്കുന്ന ടിഷ്യൂ കൾച്ചർ വാഴയിൽ ഉത്പാദനക്ഷമത കൂടുതലാണെന്നും വിളദൈർഘ്യം കുറവാണെന്നും അധികമേന്മ.




# കൊച്ചി മാരത്തൺ; ഓട്ടക്കാർക്ക് ആവേശമായി ഗ്രാൻഡ് ലോഞ്ച്

**കൊച്ചി:** വിജയകരമായ മൂന്ന് സീസണുകൾക്ക് ശേഷം ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ നാലാം പതിപ്പിന്റെ ഗ്രാൻഡ് ലോഞ്ച് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവഹിച്ചു. ലോകോത്തര മാരത്തൺ നടത്തണമെങ്കിൽ മികച്ച നഗരം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരം മത്സരങ്ങളിലൂടെ കൊച്ചിയെ ലോകവേദിയിൽ അവതരിപ്പിക്കുമ്പോൾ നഗരത്തിന് കൂടുതൽ അംഗീകാരം ലഭിക്കും.

ഇന്ന് മാരത്തോൺ നഗരത്തേക്കാൾ വലുതായി വളരുകയാണ്. ഈ വളർച്ച കൊച്ചിയെ കൂടുതൽ മെച്ചപ്പെടുത്താൻ പ്രചോദനമാകുമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. 'മൂവ് വിത്ത് പർപ്പസ്' എന്ന പ്രമേയത്തിലാണ് ഇത്തവണ മാരത്തൺ സംഘടിപ്പിക്കുന്നത്. കേവലം ഒരു മാരത്തൺ എന്നതിലുപരി, പങ്കെടുക്കുന്ന ഓരോ വ്യക്തിയുടെയും ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്ന ഒരു വേദിയാക്കി മാറ്റുകയാണ് ലക്ഷ്യം. സാമൂഹിക ലക്ഷ്യങ്ങൾക്കായും, ആരോഗ്യകരമായ ജീവിതത്തിനായും ഓടുന്ന ആയിരക്കണക്കിന് ആളുകളുടെ സംഗമമായിരിക്കും മാരത്തൺ സീസൺ4. 'ഈ ആശയം ഓർമ്മിപ്പിക്കുന്നത് ഓരോ ചലനവും ഒരു ലക്ഷ്യത്തിന്റെ ദൃശ്യ രൂപമാണെന്നാണ്. ഇതിലൂടെ ഓരോരുത്തരുടെയും ലക്ഷ്യങ്ങൾക്ക് ഇവിടെ സ്ഥാനമുണ്ടെന്ന് ഉറപ്പാക്കുകയാണ് ഞങ്ങളെന്നും' ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ അനീഷ് പോൾ, ബൈജു പോൾ, ശബരി ആർ. നായർ, എം.ആർ.കെ ജയറാം എന്നിവർ പറഞ്ഞു. ഫെബ്രുവരി 8ന് നടക്കുന്ന മാരത്തൺ 42.195 കിലോമീറ്റർ, 21.1 കിലോമീറ്റർ ഹാഫ് മാരത്തൺ , 10 കിലോമീറ്റർ റൺ, 3 കിലോമീറ്റർ ഗ്രീൻ റൺ എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് സംഘടിപ്പിക്കുന്നത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് മാർക്കറ്റിംഗ് ഓഫീസറുമായ എം.വി.എസ് മൂർത്തി, സീനിയർ വൈസ് പ്രസിഡന്റും എറണാകുളം സോണൽ ഹെഡുമായ സി.എം ശശിധരൻ, വൈസ് പ്രസിഡന്റും എറണാകുളം റീജണൽ ഹെഡുമായ പി. ജോസ്മോൻ ഡേവിഡ്, റേസ് ഡയറക്ടർ ഒളിമ്പ്യൻ ആനന്ദ് മെനേസസ്, ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ ലീഡ് കൺസൾട്ടന്റ് ഡോ. ജോൺസൺ കെ. വർഗീസ്, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, കേരള സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻ ഭാരവാഹികൾ, കേരള സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ, ഒളിമ്പ്യൻ അനിൽ കുമാർ

എന്നിവർ പങ്കെടുത്തു. മാരത്തണിൽ രജിസ്റ്റർ ചെയ്യാൻ www.kochimarathon.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# ലോക ഹൃദയദിനം: സഹായഹസ്തവുമായി ജോയ് ആലുക്കാസ് ഫൗണ്ടേഷൻ

**തൃശൂർ:** ലോക ഹൃദയദിനത്തോടനുബന്ധിച്ച് നിർധനരായ ഹൃദ്രോഗികൾക്ക് ആശ്വാസവുമായി ജോയ് ആലുക്കാസ് ഫൗണ്ടേഷൻ.

63 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയിലൂടെ അമ്പതോളം പേസ്മേക്കറാണ് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ വിതരണം ചെയ്യുക. പദ്ധതിയുടെ ആദ്യഘട്ടമായി തൃശൂർ ഗവ. മെഡിക്കൽ കോളജിൽനിന്നു തെരഞ്ഞെടുത്ത 20 നിർധന രോഗികൾക്കു പേസ്മേക്കർ സൗജന്യമായി നൽകി.

ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ്, ചലച്ചിത്രസംവിധായകൻ സത്യൻ അന്തിക്കാട്, ജോയ് ആലുക്കാസ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ആൻറണി ജോസ്, മെഡിക്കൽ കോളജിലെ കാർഡിയോളജിസ്റ്റ് ഡോ. കരുണാദാസ്, ഐഎംഎ തൃശൂർ പ്രസിഡൻറ് ഡോ. ജോസഫ് ജോർജ്, ടി.എം.എ പ്രസിഡപ്രസിഡന്റ് പദ്മകുമാർ, ജോയ് ആലുക്കാസ് ഗ്രൂപ്പ് ഡയറക്ടർ ജോളി ജോയ് ആലുക്കാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സമൂഹത്തിലെ നിർധനരായ ആളുകളുടെ ജീവിതത്തിൽ അർഥവത്തായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനാണ് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ സ്ഥാപിച്ചതെന്ന് ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

സാമ്പത്തികപരാധീനതകൾമൂലം ഒരു മനുഷ്യജീവനും നഷ്ടമാകരുതെന്ന കാഴ്ചപ്പാടാണ് ജോയ് ആലുക്കാസ് ഫൗണ്ടേഷനെ ഇത്തരമൊരു ഉദ്യമത്തിനു പ്രേരിപ്പിച്ചത്. കേവലമൊരു ജീവകാരുണ്യപ്രവർത്തനം എന്നതിലുപരി സമൂഹത്തോടുള്ള ഫൗണ്ടേഷന്റെ പ്രതിബദ്ധതയാണ് പദ്ധതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹത്തെ മുഖ്യധാരയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ 2009ൽ ആരംഭിച്ച ജോയ്ആലുക്കാസ് ഫൗണ്ടേഷൻ നിരവധി സന്നദ്ധസേവന പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

## ചിട്ടി അസോസിയേഷൻ : ജില്ലാ കമ്മിറ്റി ഓഫിസ് ഉദ്ഘാടനം ചെയ്തു




കേരള അസോസിയേഷൻ ഓഫ് ചിറ്റ് ഫണ്ടിന്റെ എറണാകുളം ജില്ലാ കമ്മിറ്റി ഓഫിസ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. സേവ്യർ ജോർജ്, മനോജ് കുമാർ, എഡ്വേർഡ് ഫോസ്റ്റസ്, ഗീവർഗ്ഗീസ് ബാബു, പി.സി.ജേക്കബ്, എം.സി പോൾസൺ, ദൊമിയാനോസ് തുണ്ടിപ്പറമ്പിൽ, ജീസൺ വർഗ്ഗീസ് തുടങ്ങിയവർ സമീപം.

**കൊച്ചി:** കേരള അസോസിയേഷൻ ഓഫ് ചിറ്റ് ഫണ്ടിന്റെ എറണാകുളം ജില്ലാ കമ്മിറ്റി ഓഫിസ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചിട്ടി അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എം.സി പോൾസൺ അധ്യക്ഷത വഹിച്ചു. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ചർച്ചിന് സമീപമാണ് ജില്ലാ കമ്മിറ്റി ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. അസോസ്സിയേഷന്റെ പൊതുയോഗം സംസ്ഥാന പ്രസിഡന്റ് ഗീവർഗ്ഗീസ് ബാബു ഉദ്ഘാടനം ചെയ്തു. വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ്, അസോസിയേഷൻ ജില്ലാ സെക്രട്ടറി ദൊമിയാനോസ് തുണ്ടിപ്പറമ്പിൽ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ജീസൺ വർഗ്ഗീസ്, ജില്ലാ വൈസ് പ്രസിഡന്റ് സേവ്യർ ജോർജ് തുടങ്ങിയവർ സംസാരിച്ചു.

## പുതിയ ബാച്ച് ഉദ്ഘാടനം ചെയ്തു



ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) ലെ 13ാമത് ബാച്ചിന്റെയും പുതിയ സ്റ്റുഡിയോയുടെയും ഉദ്ഘാടനം എഫ്.എ.സി.ടി ഫിനാൻസ് ഡയറക്ടർ എസ്. ശക്തിമണി നിർവ്വഹിക്കുന്നു. ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, ഡോ. ജോർജ് പോൾസൺ, പ്രൊഫ. ബാൽശങ്കർ ഗാർഗേഡ്, കുക്കു ജോസഫ്, ഷിബിലി അലി തുടങ്ങിയവർ സമീപം

**കൊച്ചി:** ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) ലെ 13ാമത് ബാച്ചിന്റെയും പുതിയ സ്റ്റുഡിയോയുടെയും ഉദ്ഘാടനം വൈറ്റിലയിലെ സിൽവർ ഐലന്റ് ക്യാംപസിൽ നടന്ന യോഗത്തിൽ എഫ്.എ.സി.ടി ഫിനാൻസ് ഡയറക്ടർ എസ്. ശക്തിമണി നിർവ്വഹിച്ചു. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത് അധ്യക്ഷത വഹിച്ചു. ഡോ. ജോർജ് പോൾസൺ (യുഎസ്എ), ആസാദി സിഇഒ അമ്മു സന്തോഷ്, പ്രിൻസിപ്പാൾ പ്രൊഫ. ബാൽശങ്കർ ഗാർഗേഡ്, അസിസ്റ്റന്റ് പ്രൊഫസർ ആർക്കിടെക്റ്റ് സുസ്മിത പൈ, അസിസ്റ്റന്റ് പ്രൊഫസർമാരായ കുക്കു ജോസഫ്, ഷിബിലി അലി തുടങ്ങിയവർ സംസാരിച്ചു.

## 600 ബ്രാൻഡ് ഔട്ട്‌ലെറ്റുകൾ ലക്ഷ്യമിട്ട് റെവ്‌ലോൺ ഇന്ത്യ

**കൊച്ചി:** അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ബ്രാൻഡ് ഔട്ട്‌ലെറ്റുകളുടെ എണ്ണം മുന്നൂറിൽ നിന്ന് അറുനൂറായി ഉയർത്തുമെന്ന് റെവ്‌ലോൺ ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടറും ഇന്ത്യ മേധാവിയുമായ മേഘ്ന മോദി. ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളുടെ എണ്ണം നാലായിരമായി ഉയർത്തുമെന്നും അവർ പറഞ്ഞു. കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മേഘ്ന. മേക്കപ്പ്, സ്കിൻ കെയർ ഉൽപ്പന്നങ്ങളിലൂടെ കളർ കോസ്മെറ്റിക് ശ്രേണിയിലും ഹെയർ കളർ, ഹെയർ കെയർ, ബോഡി സ്പ്രേ ഉൽപ്പന്നങ്ങളിലൂടെ പേഴ്സണൽ കെയർ ശ്രേണിയിലുമാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നതെന്നും അവർ പറഞ്ഞു. പെർഫ്യൂം, ഹെയർ കെയർ ഉൽപ്പന്നങ്ങളിലൂടെ റേവ്‌ലോൺ പുതിയ ഉൽപ്പന്നനിരയിലേക്കുള്ള പ്രഖ്യാപനവും അവർ നടത്തി. ടയർ രണ്ട് നഗരങ്ങളെ ലക്ഷ്യമിട്ട് 399 രൂപ മുതലുള്ള സ്ട്രീറ്റ് വെയർ കോസ്മെറ്റിക്സും അവതരിപ്പിച്ചു. നിലവിൽ, വിൽപ്പനയുടെ ഏകദേശം 25% ഓൺലൈൻ ചാനലുകൾ വഴിയാണ്, ബാക്കിയുള്ളത് റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലൂടെയാണ്. ഉമേഷ് മോഡി ഗ്രൂപ്പിന്റെ ഭാഗമായുള്ള മോഡിമുണ്ടിഫാർമ 1995 ലാണ് റെവ്‌ലോൺ എന്ന പേരിൽ ഇന്ത്യയിൽ ആദ്യ രാജ്യാന്തര കോസ്മെറ്റിക് ബ്രാൻഡ് സ്ഥാപിച്ചത്.

# എട്ടിൽ ഒരാൾക്ക് പ്രമേഹം: ന്യൂബർഗ് ഡയഗ്നോസ്റ്റിക്സിന്റെ കണ്ടെത്തൽ

**കൊച്ചി:** 2025ലെ ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് രാജ്യത്തെ യുവജനങ്ങളിൽ വർധിച്ചുവരുന്ന ഹൃദയ മെറ്റബോളിക് അപകടസാധ്യതയെ കുറിച്ച് പുതിയ കണ്ടെത്തലുകൾ ന്യൂബർഗ് ഡയഗ്നോസ്റ്റിക്സ് പുറത്തുവിട്ടു. ലോകമെമ്പാടുമുള്ള ഹൃദയ സംബന്ധമായ രോഗങ്ങൾ മൂലമുള്ള മരണങ്ങളിൽ ഏകദേശം അഞ്ചിലൊന്നും ഇന്ത്യയിലാണ്. ദേശീയ പഠനങ്ങൾ പ്രകാരം യുവജനങ്ങളിൽ ഏകദേശം 11 ശതമാനം പേർക്ക് ഹൃദയ സംബന്ധമായ രോഗങ്ങളുടെ സാധ്യതയുണ്ട്. ഇതിനുള്ള രണ്ട് പ്രധാന കാരണങ്ങൾ പ്രമേഹവും കൊളസ്ട്രോളിന്റെ അളവിലുള്ള മാറ്റവുമാണ്. ഇവ രണ്ടും യുവജനങ്ങളിൽ ഹൃദയ രോഗങ്ങൾ വർധിക്കുന്നതിന് കാരണമാകുന്നുവെന്നും ഇവർ വ്യക്തമാക്കുന്നു.

കഴിഞ്ഞ ഒരു വർഷത്തിനിടെ ന്യൂബർഗ് ലബോറട്ടറീസ് കൊച്ചി, ബംഗളൂരു, ചെന്നൈ, അഹമ്മദാബാദ്, മുംബൈ, ഡൽഹി, കൊൽക്കത്ത എന്നീ ഏഴ് നഗരങ്ങളിലായി 12.5 ലക്ഷത്തിലധികം ഗ്ലൈകെറ്റഡ് ഹീമോഗ്ലോബിൻ പരിശോധനയും (എച്ച്ബിഎ1സി) ലിപിഡ് പ്രൊഫൈൽ പരിശോധനകളും നടത്തി. ഈ ഡേറ്റ വാർഷിക ആരോഗ്യ പരിശോധനയ്ക്ക് ലാബിലെത്തിയ ഉപഭോക്താക്കളെ അടിസ്ഥാനമാക്കിയുള്ളതാണ്.




2.2 ലക്ഷം പേർ 25നും 35നും ഇടയിൽ പ്രായമുള്ളവരായിരുന്നു. 13 ശതമാനം പേർ ഇതിനകം പ്രമേഹരോഗികളാണ്. 25 ശതമാനം പേർ പ്രീഡയബിറ്റീസ് പരിധിയിലും, 28 ശതമാനം പേർക്ക് മൊത്തം കൊളസ്ട്രോൾ അപകടകരമായ രീതിയിൽ ഉയർന്ന നിലയിലുമാണ്.

മേഖലാടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിൽ പ്രമേഹത്തിന്റെ നിരക്ക് രാജ്യത്തിന്റെ തെക്ക്, പടിഞ്ഞാറ് മേഖലയിൽ 14 ശതമാനവും വടക്കൻ മേഖലയിൽ 9 ശതമാനവുമാണെന്ന് കണ്ടെത്തി.

ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സിലെ ബയോകെമിസ്ട്രി വിഭാഗം മേധാവിയായ ഡോ. എ. പ്രജ്വൽ, ഡേറ്റാ സയൻസ് ടീമിനൊപ്പം ചേർന്നാണ് ഈ വിവരങ്ങൾ വിശകലനം ചെയ്തത്. ഈ കണ്ടെത്തലുകൾ ഒരു മുന്നറിയിപ്പാണെന്ന് ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സിലെ മെഡിക്കൽ ഡയറക്ടറായ ഡോ. സുജയ് പ്രസാദ് പറഞ്ഞു. പരിശോധന നടത്തിയ യുവാക്കളിൽ എട്ടിൽ ഒരാൾ ഇതിനകം പ്രമേഹരോഗിയും നാലിൽ ഒരാൾ പ്രീഡയബിറ്റീസ് ഘട്ടത്തിലുമാണ്.

രാജ്യത്ത് ജീവിതശൈലീ രോഗങ്ങൾ അതിവേഗം പടരുന്ന ഒരു മഹാമാരിയായി മാറുകയാണ്. നേരത്തെയുള്ള പരിശോധന, ഭക്ഷണക്രമത്തിലും ജീവിതശൈലിയിലുമുള്ള മാറ്റങ്ങൾ, കൃത്യ സമയത്തുള്ള ചികിത്സ എന്നിവ നമ്മുടെ യുവാക്കളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അകാലത്തിലുള്ള ഹൃദ്രോഗങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും നിർണായകമാണെന്നും ഡോ. സുജയ് പ്രസാദ് പറഞ്ഞു.

# ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് ഐപിഒ ഒക്ടോബർ 6 മുതൽ

**മുംബൈ:** ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 ഒക്ടോബർ ആറ് മുതൽ ഏട്ട് വരെ നടക്കും. 475,824,280 ഇക്വിറ്റി ഓഹരികളാണ് ഐപിഒയ്ക്ക് എത്തിക്കുന്നത്. ഇതിൽ 21 കോടി പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 265,824,280 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഉൾപ്പെടുന്നത്. ഓഹരി ഒന്നിന് 310 രൂപ മുതൽ 326 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 46 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 46 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഎൻപി പാരിബ, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) രണ്ട് വ്യത്യസ്ത ഗവേഷണ പ്രൊജക്ടുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ ഓരോ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഒക്ടോബർ 14. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in.

# പുതിയ സ്കിൻ ന്യൂട്രീഷൻ സെറങ്ങൾ പുറത്തിറക്കി ആംവേ

**കൊച്ചി:** രണ്ട് പുതിയ ചർമ്മസംരക്ഷണ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ആംവേ. ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ ഡിഫൈയിംഗ് സെറം, ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ കറക്റ്റിംഗ് സെറം എന്ന രണ്ട് ഉൽപ്പന്നങ്ങളാണ് അവതരിപ്പിച്ചത്. ഈ സെറമുകൾ പ്രകൃതിയുടെയും ശാസ്ത്രത്തിന്റെയും ശക്തിയെ ഒരുമിച്ച് ചർമ്മത്തെ മൃദുവും തിളക്കം ശക്തിപ്പെടുത്തുകയും വഴി യുവത്വമുള്ള ചർമ്മം നൽകുന്നുവെന്ന് ആംവേ അധികൃതർ അവകാശപ്പെട്ടു.




ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ ഡിഫൈയിംഗ് സെറം ചർമ്മത്തിന് വാർദ്ധക്യത്തിന്റെ ആദ്യകാല ലക്ഷണങ്ങളെ നേരിടാൻ സഹായിക്കുമ്പോൾ, ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ കറക്റ്റിംഗ് സെറം ചർമ്മത്തിന്റെ ചുളിവുകൾ കുറയ്ക്കാനും ദൃഢനഷ്ടം പരിഹരിക്കാനും സഹായിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ലൂക്കർ സീലിംഗ് ഫാൻ എക്സ്ചേഞ്ച് ഓഫർ വെള്ളിയാഴ്ച വരെ

**തൃശൂർ:** നൂതന സാങ്കേതികവിദ്യയിൽ നിർമിക്കുന്ന ലൂക്കർ ബിഎൽഡിസി സീലിംഗ് ഫാനുകൾ വാങ്ങുമ്പോൾ നിലവിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ ഏതു ബ്രാൻഡ് സീലിംഗ് ഫാനിനും 3,000 രൂപ ലഭിക്കുന്ന എക്സ്ചേഞ്ച് ഓഫർ ഒക്ടോബർ മൂന്നുവരെ.

LUKER

സൈസ് സീറോ, സൈസ് സീറോ ക്രൗൺ, സൈസ് സീറോ ക്രൗൺ പ്ലസ്, സൈസ് സീറോ നിയോ, സൈസ് സീറോ ക്രൗൺ ഗ്ലോ, റേഡിയൽ, റേഡിയൽ പ്ലസ്, റേഡിയൽ ഗ്ലോ, കോസ്മോസ്, ആൽഫ ഗാലക്സി സീരീസിലുള്ള മുപ്പതോളം മോഡലുകൾ വാങ്ങുമ്പോൾ ഈ ഓഫർ ലഭ്യമാണ്. കേരളത്തിലെ പ്രമുഖ ഇലക്ട്രിക്കൽ ഷോപ്പുകളിൽ ആനുകൂല്യം ലഭ്യമാണ്.

പഴയ മോഡൽ സീലിംഗ് ഫാനുകൾ 70 വാട്ട് വരെ വൈദ്യുതി ഉപയോഗിക്കുമ്പോൾ ലൂക്കർ ബിഎൽഡിസി ഫാനുകൾ 28 വാട്ട് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 5 സ്റ്റാർ റേറ്റിംഗും മൂന്നു വർഷം വാറൻറിയുമുള്ള ലൂക്കർ ഫാനുകൾക്ക് 15 വർഷത്തിൽ കൂടുതലും 60,000 മണിക്കൂറിലധികവും കാലാവധിയാണു പ്രതീക്ഷിക്കുന്നത്. ഓഫറിനെക്കുറിച്ചു കൂടുതൽ അറിയാൻ ഫോൺ: 95445 90633.


